(ബി) ഉണ്ട്.

(സി, ഡി) പി.ഡി. അക്കൗണ്ട് ആരംഭിക്കുവാനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്.

മൈത്രീ ഭവന നിർമ്മാണ പദ്ധതിക്ക് ഹഡ്കോയിൽനിന്നും വായ്പ ലഭ്യമാക്കുവാൻ നടപടി

*9 [929] ശ്രീ. എ.കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രീ ഭവന നിർമ്മാണ പദ്ധതിപ്രകാരം പുതിയ അപേക്ഷകർക്ക് വായ്പ നൽകേണ്ടതില്ലെന്നും തുടർ ഗഡുക്കൾ നൽകി പദ്ധതി പൂർത്തീകരിച്ചാൽ മതിയെന്നും സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഹഡ്കോയിൽ നിന്നും ഈ പദ്ധതിക്ക് വായ്പ ലഭ്യമാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) മൈത്രീ ഭവന നിർമ്മാണ പദ്ധതിയുടെ എത്ര ശതമാനമാണ് ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; നിലവിലുള്ള ശതമാനം വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) ദുർബ്ബല വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പുതിയ ഭവന പദ്ധതിക്ക് ഹഡ്കോയിൽനിന്നും വായ്പ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മൈത്രീ ഭവന നിർമ്മാണ പദ്ധതി ഭവന നിർമ്മാണ ബോർഡ് നേരിട്ട് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്. ഈ ഭവന പദ്ധതി നടപ്പിലാക്കുന്നതിൽ യാതൊരു ശതമാനമോ സംവരണമോ നിശ്ചയിച്ചിട്ടില്ല.

അച്ചടിച്ച വിലയേക്കാൾ കൂടുതൽവില ഈടാക്കുന്നതിനെതിരെ നടപടി

*10 [930] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ഉൽസവകാലങ്ങളിൽ ആരംഭിക്കുന്ന വിപണന മേളകളിൽ അച്ചടിച്ച വിലയേക്കാൾ അധിക വില കച്ചവടക്കാർക്ക് ഈടാക്കാൻ അനുവാദമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ ഇപ്രകാരം കൂടുതൽ വില ഈടാക്കുന്നതു തടയാൻ ഫലപ്രദമായി എന്തു നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ;

(സി) പുസ്തക കച്ചവടക്കാർക്ക് അച്ചടിച്ച വിലയുടെമേൽ സ്റ്റിക്കർ വില പതിച്ച് അമിത വിലയ്ക്ക് പുസ്തകങ്ങൾ വിൽപ്പന നടത്തുന്നതിന് അനുവാദമുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇപ്രകാരം അച്ചടിച്ച വിലയേക്കാൾ കൂടുതൽ വില ഈടാക്കുന്നവർക്കെതിരെ എന്തു നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൂടുതൽ വില ഈടാക്കുന്നതിനെതിരെ എന്തൊക്കെ നടപടി സ്വീകരിക്കുകയുണ്ടായി എന്ന് വിശദമാക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഇല്ല.

(ബി) ഇപ്രകാരം കൂടുതൽ വില ഈടാക്കുന്നതു തടയാൻ ലീഗൽ മെട്രോളജി വകുപ്പ് ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ഉൽസവ കാലങ്ങളിൽ പ്രത്യേക പരിശോധനാ സ്ക്വാഡുകൾ സംഘടിപ്പിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്. ഈ അവസരങ്ങളിൽ ജില്ലാതലത്തിൽ അസിസ്റ്റന്റ് കൺട്രോളർമാർ, താലൂക്ക് തലത്തിൽ ഇൻസ്പെക്ടർമാർ, ഫ്ളയിംഗ് സ്ക്വാഡ് അസിസ്റ്റന്റ് കൺട്രോളർമാർ എന്നിവർ വെവ്വേറെയും സംയുക്തമായും വൻതോതിൽ മിന്നൽ പരിശോധനകൾ നടത്തി സ്റ്റാൻഡേർഡ്സ് ഓഫ് വെയിറ്റ്സ് ആന്റ് മെഷേഴ്സ്, പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസ് നിയമലംഘനം നടത്തുന്ന കച്ചവടക്കാർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്.

(സി) ഇല്ല.

(ഡി) അച്ചടിച്ച വിലയേക്കാൾ കൂടുതൽ വില ഈടാക്കുന്നവർക്കെതിരെ പാക്കേജ്ഡ് കമ്മോഡിറ്റീസ് ചട്ടങ്ങൾ അനുശാസിച്ചിട്ടുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 2003 ജൂൺ മാസംവരെ വില കൂടുതൽ ഈടാക്കിയതിനെതിരെ 432 കേസുകൾ കണ്ടുപിടിച്ച് 6,00,050 (ആറുല ക്ഷത്തി അമ്പത്) രൂപ പിഴ ഈടാക്കിയിട്ടുണ്ട്. വില കൂടുതൽ ഈടാക്കുന്നതിനെതിരെ വ്യാപാ രസ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, ഭക്ഷണ ശാലകൾ എന്നിവർക്കെതിരെ കേസു കൾ എടുത്ത് പിഴ ഈടാക്കുകയും പിഴ ഈടാക്കാത്ത കുറ്റക്കാരെ പ്രോസിക്യൂട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly